## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3223** **19/06/2018 ൽ** മറുപടിക്ക്

## ഇറച്ചി വിൽപ്പന നടത്തുന്നതിന് ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തദ്ദേശ സ്വയംഭരണവകുപ്പിന്റെ ചുമതലയിൽ എല്ലാ നഗരസഭയിലും അറവുശാലകൾ നിർമ്മിച്ചിട്ടുണ്ടോ; അനധികൃത അറവുകളും അനാരോഗ്യകരമായ ചുറ്റുപാടുകളിൽ അറവ് നടത്തുന്നതും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | എ) എല്ലാ നഗരസഭകളിലും അറവ് ശാലകൾ നിർമ്മിച്ചിട്ടില്ല. അനധികൃത അറവുകളും അനാരോഗ്യകരമായ ചുറ്റുപാടുകളിൽ അറവ് നടത്തുന്നതും നിയന്ത്രിക്കുന്നതിന് നഗരസഭകളിലെ ആരോഗ്യവിഭാഗത്തിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുന്നുണ്ട്. |
| ബി) | മാംസാവശിഷ്ടവും മറ്റും അലക്ഷ്യമായി റോഡ് സൈഡിലും പറമ്പുകളിലും നിക്ഷേപിക്കുന്നത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | ബി) നഗരസഭാ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് രാത്രി കാലങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ നടത്തുകയും അറവ് മാലിന്യങ്ങളും മറ്റും അലക്ഷ്യമായി റോഡ് സൈഡിലും പറമ്പുകളിലും നിക്ഷേപിക്കുന്നവരെ കണ്ടെത്തുകയും അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| സി) | ആട്ടുമാട്ടുകളെ വെട്ടുന്നതിനും ഇറച്ചി വിൽപ്പന നടത്തുന്നതിനും ലൈസൻസ് അനുവദിക്കാറുണ്ടോ; ലൈസൻസ് ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | സി) ആട്ടുമാട്ടുകളെ വെട്ടുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 469-ാം വകുപ്പ് പ്രകാരം ലൈസൻസ് അനുവദിക്കാറുണ്ട്. ഇറച്ചിവില്പന നടത്തുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 447-ാം വകുപ്പ് പ്രകാരവും 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അനഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് |

| | | |
|---|---|---|
| | | വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും ലൈസൻസ് നല്കിവരുന്നുണ്ട്.<br>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം, തറ വെള്ളം കെട്ടി നില്ക്കാത്ത തരത്തിൽ ടൈൽസ് പാകിയതോ സിമെന്റ് ചെയ്തതോ ആയിരിക്കണം. ആവശ്യാനുസരണം ജലലഭ്യതയും വെളിച്ചവും ഉണ്ടായിരിക്കണം, ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം, വില്പന സാധനങ്ങൾ പ്രദർശിപ്പിക്കാൻ പാടില്ല തുടങ്ങിയ നിബന്ധനകൾക്ക് വിധേയമായാണ് ലൈസൻസ് അനുവദിച്ചു നൽകുന്നത്.<br>അറവുശാലകൾക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, ജോലിക്കാരുടെ മെഡിക്കൽ ഫിറ്റ്നസ് സാക്ഷ്യപത്രം, സാനിറ്റേഷൻ സാക്ഷ്യപത്രം തുടങ്ങിയവ പരിശോധിച്ച് അറവു നടത്തുന്നതിനുള്ള അനുമതി ഗ്രാമ പഞ്ചായത്തുകൾ നൽകുന്നു.<br>1996-ലെ കേരള പഞ്ചായത്ത് രാജ് (Issue of Licence to Factories, Traders, Entrepreneurship activities and other services) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തുകൾ മാംസ വിൽപ്പനക്കുള്ള അനുമതിയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ